പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .149 — 10.06.2013-ൽ മറുപടിക്ക്

## വല നശിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.ഗീതാ ഗോപി | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കടൽമാക്രികളുടെ ആക്രമണത്താൽ വല നശിക്കപ്പെടുന്ന മത്സ്യതൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുവാൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (എ) കൊല്ലം, ആലപ്പുഴ ജില്ലകളിൽ കടൽമാക്രിയുടെ ആക്രമണത്താൽ മത്സ്യബന്ധന വല നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സർക്കാർ അനുമതി നൽകിയിരുന്നു. ഇതിനായി 10 ലക്ഷം രൂപ 2405-00-103-99-34-ഒ.സി(പി) എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിക്കാനും നിർദ്ദേശിച്ചിരുന്നു. പ്രാഥമിക അന്വേഷണത്തിനായി മത്സ്യഭവൻ ഓഫീസർ, മത്സ്യഫെഡ് പ്രോജക്ട് ഓഫീസർ, മത്സ്യബോർഡ് ഫിഷറീസ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി വെരിഫിക്കേഷൻ കമ്മിറ്റി രൂപീകരിക്കയുണ്ടായി. വെരിഫിക്കേഷൻ കമ്മിറ്റി അപേക്ഷയിന്മേൽ ഫീൽഡ് അന്വേഷണം നടത്തി സംഭവിച്ച നഷ്ടത്തിന്റെ തോത് നിജപ്പെടുത്തേണ്ടതും (പരമാവധി പരമ്പരാഗത വള്ളങ്ങൾക്ക് 5000/- രൂപയും ഒ.ബി.എം. ഘടിപ്പിച്ച വള്ളങ്ങൾക്ക് 10,000/- രൂപയും) അതിൽ നിജപ്പെടുത്തിയ നഷ്ടത്തിന്റെ 75% സർക്കാർ ആനുകൂല്യവും 25% ഗുണഭോക്തൃവിഹിതവുമായി കണക്കാക്കാനുമാണ് സർക്കാർ ഉത്തരവ് (കൈ) നമ്പർ 75/11/മതുവ തീയതി 23/07/11 പ്രകാരം നിർദ്ദേശിച്ചിരുന്നത്. സർക്കാർ നിർദ്ദേശിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം കൊല്ലം, |

| | | | |
|---|---|---|---|
| | | | ആലപ്പുഴ, ജില്ലകളിൽ നിന്നും 1031 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ ജില്ലയിൽ നിന്നുള്ള 73 ഗുണഭോക്താക്കൾക്കും കൊല്ലം ജില്ലയിൽ നിന്നുമുള്ള 127 ഗുണഭോക്താക്കളുടെയും ലിസ്റ്റ് വല വിതരണം നടത്തുന്നതിനായി മത്സ്യഫെഡിന് നൽകിയിരുന്നു. ഇതിൽ ആലപ്പുഴ ജില്ലയിലെ 73 ഗുണഭോക്താക്കൾക്ക് വല വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാർ നഷ്ടപരിഹാരമായി നൽകിവരുന്ന 5000 രൂപ അപര്യാപ്തമായതിനാൽ യഥാർത്ഥത്തിൽ വരുന്ന നഷ്ടമനുസരിച്ച് തുക ഉയർത്തി നൽകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ? | (ബി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ